നർമം

# നാട്ടിൽ നിന്നൊരു മൂട്ട

ജോൺ ഇളമത

നാട്ടിൽ നിന്നു വന്ന നടിയുടെ മൂട്ടിൽ പറ്റിയാണ് ആ മൂട്ട അമേരിക്കയിലെത്തിയത്.കലാപരിപാടികളുമായി എത്തിയ ആ താരസംഘത്തിലെ ഏറ്റവും കൂടുതൽ തടിയുള്ള ആ നടിയിൽ സുലഭമായി രക്തമുള്ളതുകൊണ്ടാണ് ആ നടിയുടെ മൂട്ടിൽ മൂട്ടപറ്റിക്കൂടിയത .മൂട്ടയുടെ യാത്ര കുശാലായിരുന്നു.അമേരിക്കയിലേക്കു പോരുംവഴി നാട്ടിലൊരു പഴഞ്ചൻ ത്രീസ്റ്റാർ ഹോട്ടലിൻെറ പഴഞ്ചൻ ചൂരസേരയിൽ നിന്നാണ് ആ മൂട്ട നടിയുടെ മൂട്ടിൽപറ്റിയത്.അവിടുന്ന് നടിയുടെ നഗ്നമൂട്ടിൽ പറ്റാൻ വലിയ സാഹസംതന്നെ നടത്തി.സാരിക്കടിയിൽ മാംളമായ കാലിലൂടെ ഇഴഞ്ഞ് ഞെരുക്കു കൊള്ളാതെ അതു സാധിച്ചെടുത്തു,അവിടെ എത്തിയപ്പോൾഒരു പട്ടുമെത്തയുടെ സുഖം!

അങ്ങനെ ഒരു നീണ്ട യാത്ര.നടിയും കൂട്ടരും സഞ്ചരിച്ചു.നെടുമ്പാശ്ശേരീന്ന് ഡൽഹീക്ക്,ഡൽഹീന്ന് ന്യൂയോർക്കിലെ കെന്നഡി ഇൻറർനാഷണൽ എയർപോർട്ടിലേക്ക്!ബിസ്സിനസ്സ്ക്ലാസിലായിരുന്നു യാത്ര.അതും പരമസുഖം,നടിയും മൂട്ടയും എൻജോയ് ചെയ്തു.

മൂട്ട ഓർത്തു:-

ഇനി ഈ നടി ഒരു മാസം എവിടെയൊക്കെ യാത്രചെയ്താലും തനിക്കെന്തു ചേതം!ഒരാഴ്ച്ചയല്ല,ഒരു മാസമല്ല,ഒരു വർഷം തന്നെ പട്ടിണി കൂടാതെ ആഘോഷിക്കാനുള്ള വക നടിയിലുണ്ട്.പിന്നെ ഇടക്കിടെ നടിയുടെ കാച്ചിഎണ്ണേടെ മണവും,കുട്ടിക്കൂറ പൗഡറും, വിയർപ്പും കൂടി അലിഞ്ഞ ഗന്ധവും അത്ര സുഖകരമല്ല.എങ്കിലും നടി, ഇടക്കിടക്ക് പരിപാടിക്കും, സമ്മേളനത്തിനും,പാർട്ടിക്കും പോകുമ്പോൾ വിദശനിർമ്മിതമായ യാർഡ്ലിസോപ്പിൽ കുളിച്ച്,ഫ്രഞ്ചു പരിമളമായ ഓഫിയംഫെർഫ്യൂവും ഇട്ടിരിക്കുമ്പോൾ നടിയെ പിടിച്ച് ഒരു ഉമ്മ കൊടുക്കാൻ തോന്നും.

ഇത്ര നാളും കഷ്ടപ്പാടായിരുന്നു.രണ്ടാംകിട രാഷ്ട്രീയക്കാരും,എഴുത്തുകാരും, പ്രഫസർമാരും,സീരിയലുകാരും,നാടകക്കാരും,ചിത്രകാന്മാരും,കവികളും, വെള്ളമടിച്ച് കിറുങ്ങാൻ വരുന്ന ആ മൂന്നു നക്ഷത്രത്തിൽ, ദശയൊള്ള നടിവന്ന് ആ ചൂരക്കസേരയിൽ ഇരുന്നതാണ്,വാസ്ത്തവത്തിൽ തനിക്കടിച്ച ഭാഗ്യക്കുറി!ഇതുവരെ കുത്തി രക്തം കുടിച്ചിരുന്ന മദ്യപാനികളാട്ടെ,രക്തം കടിക്കുമ്പോൾ ഒന്നിളകിയിരിക്കും,ചൊറിയാൻ പോലും അലസത കാട്ടി.പാതി മയക്കത്തിലല്ലേ ജീവിതം!ഇവരുടെ രക്തത്തിനൊക്കെ ഒരു വാറ്റുചാരായത്തിൻെറ ചൊവയാ,പുളിച്ച കള്ളിൻെറ ചൊവയോ,വിലകുറഞ്ഞ വിസ്ക്കിയുടെ ചൊവയോ ഒക്കെ ആയിരിക്കും,എങ്കിലും കുടിക്കാതിരക്കാം പറ്റ്വോ,ജീവിക്കണ്ടെ!

പരിപാടികൾക്കിടെ താരസംഘത്തെ മുന്തിയ ഒരു ബാറിൽ സ്പോൺസർ കൊണ്ടുപോയി,അവരെ ഒന്നു സന്തോഷിപ്പിക്കാൻ!ഈ വക വകുപ്പല്ലെ,അടിച്ചുപൊളിക്കാൻ അവസരം കൊടുത്താൽ കുടിച്ചു പൂസ്സാകും.അങ്ങനെ നടി കിറുങ്ങി ഇരുന്ന നേരത്ത് മൂട്ട പുറത്തു വന്നു,അമേരിക്ക എന്ന അതഭുതരാജ്യം കാണാൻ.മൂട്ട വണ്ടറടിച്ചുപോയി!നടിയുടെ തടി എന്തിരിക്കുന്നു!നൂറുമൂട്ടകൾക്ക് ഒന്നച്ചിരുന്ന് ഏറെക്കാലത്തേക്ക് രക്തം കുടിക്കാമ്പറ്റിയ തടിച്ചികളും,തടിയമ്മാരും ,പല നിറത്തിൽ,വെളുപ്പ്,കറുപ്പ്,പാൽക്കാപ്പി,കഷായ നിറം എന്നുവേണ്ട നാനാനിറ നിറക്കാർ.

വെളുപ്പിനോടാണ്,മൂട്ടക്കു കമ്പം!,അതും തടിച്ചികളോട്.ഒരാൺമൂട്ടയായ താൻ അങ്ങനെ ഇഷ്ടപ്പെടുന്നതിലെന്തു തെറ്റ്!മൂട്ട സൂക്ഷിച്ചു നോക്കി,നടിയുടെ തൊട്ടടുത്ത് ഒരുസുന്ദരി! വെളുത്തുതടിച്ച് ചുവന്ന ഒരു മദാമ്മ! കുഴച്ചക്കയുടെ കൂഞ്ഞി വലിച്ച മാതിരി,എവിടയും ദശ,മുമ്പോട്ടും പൊറകോട്ടും.എങ്ങനെയും അവരിലൊന്നു കയറിപ്പറ്റിയാ നശിച്ച ജന്മനാട്ടിലോട്ട് തിരികെ പോകണ്ടാ.രക്തമില്ലാത്തവരുടെ നാട്!അതാണോ ദൈവത്തിൻെറ നാട്!ഇപ്പോ കൊറെ കൊടവയറമ്മാരൊണ്ട്,സീരിയലു കണ്ട് തടിച്ചിരിക്കുന്ന കൊറെ പെണ്ണുങ്ങളും.ഇവരടെ ഒക്കെ രക്തത്തിന് കഷായത്തിൻെറ ചൊവയാ.ഫോർമാലിനിട്ട മീനും,പാണ്ടീന്ന് അടിച്ചുകലക്കി കൊണ്ടുവരുന്ന വണ്ടിക്കാളേം,സ്വന്തം വേസ്റ്റ് തിന്നുന്ന ബ്രോയിലർ കോഴിയേം,പരാമാറടിച്ച പച്ചക്കറീം,പഴോം ഒക്കെ തിന്നുന്നോര്!ഇങ്ങനെ പോയാ കാൻസറ് പിടിച്ചില്ലേലാ അത്ഭുതം! ഓ,ഇതെന്തൊരു നാട്!,പറുദീസാ പോലെ.നല്ലപാല്,നെയ്യ്,ബട്ടറ്,എറച്ചി,മീന്,ഫ്രഷ് പച്ചക്കറി,പഴം

,കുടിക്കാൻ ഒന്നാംതരം മായംചേരാത്ത മദ്യങ്ങൾ!വാസ്വത്തിൽ ഇതല്ലേ ദൈവത്തിൻെറ നാട്! ഇവിടെ ബലാൽസംഘമില്ല,മതവൈര്യമില്ല,കുതികാൽ വട്ടുന്ന രാഷ്ട്രീയോമില്ല.

മൂട്ട ആലോചിച്ചു തീരുമാനിച്ചു,ഇവിടെതന്നെ,മദാമ്മയോടൊപ്പം കൂടുക.പക്ഷേ എന്തിനാ മദാമ്മേടെ മൂട്ടിൽ കൂടുന്നെ!.മറ്റൊരു മനോഹരമായ സ്ഥലം കൺ മുമ്പിൽ തുറന്നു കിടക്ക ുന്നു.മൂട്ട, മുട്ടി കിടക്കുന്ന കസേരവഴി ഇഴഞ്ഞു പയ്യെ പയ്യെ ആരുമാരുറിയതെ മുൻഭാഗം പാതിതുറന്നു കിടന്ന മദാമ്മയുടെ ഉടുപ്പിലൂടെ  മാറിനുള്ളിൽപറ്റികൂടി.മദാമ്മയെ പഴുത്ത മാമ്പഴത്തിൻെറ മണം ,പിന്നെ എന്തൊക്കയോ പരിമളത്തിൻെറ മണംഎവിടയുമൊരു മൃദുവായ തൂവൽസ്പർശം!.എന്തൊരു സന്തോഷം!സ്വർഗ്ഗവും,അതിലപ്പുറവും കിട്ടിയ വാശി!

മദ്യലഹരിയിലായിരുന്നെങ്കിലും മദാമ്മ ഒന്നു ഞെട്ടി ഞെളിപിരി കൊണ്ട് കൈകൊണ്ട് തപ്പി മൂട്ടയെ കയ്യിലെടുത്തു ദൂരേക്കെറിഞ്ഞ് പേടിച്ചൊരു ചാട്ടവും!തടർന്ന് അടുത്തിരുന്ന ചെമ്പിൻെറ നിറമുള്ള  നടിയെ തറച്ച്നോക്കി ഇംഗ്ലീഷിൽ,'ഫ്'കൂട്ടി ഒരു കടുത്തതെറീം പറഞ്ഞ് ദേഷ്യത്തിൽ അവിടെനിന്ന് ചാടിണീറ്റു പോയി.

തറയിൽ വീണ മൂട്ട ദീർഘനിശ്വാസം വിട്ടു ആശ്വസിച്ചു:-

അവസ്സാനമായിരിക്കൂന്നാന്നാ കരുതീത്,ങാ,രക്ഷപ്പെട്ടു.ഇനി ഇവിടെ അഭയാർത്ഥിയായി കൂടാം,തട്ടിപ്പുംവെട്ടിപ്പുമായി.നാട്ടിലോട്ട് തിരികെ പോന്നേലും ഭേദമതാ!!